**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 362** **19-07-2022 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (എ) | കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും, നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണ് എന്നു കരുതുന്നു. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങി എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമാവും ഈ സാംസ്കാരിക സമുച്ചയങ്ങൾ.<br><br>ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത- നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ ഓരോ ജില്ലയിലും 3 മുതൽ 5 ഏക്കർ വരെ ഭൂമി കണ്ടെത്തി 50 കോടി രൂപ വീതം ചെലവഴിച്ച് ആകെ 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രൊഫഷണൽ നാടകരംഗം, മിമിക്രി, ഗാനമേള, നാടൻ കലാരൂപങ്ങൾ തുടങ്ങിയ മേഖലകളിലെ ആർട്ടിസ്റ്റുകൾക്കും പ്രവർത്തകർക്കും വേദികൾ ലഭ്യമാക്കുവാനുള്ള അവസരം പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ മുഖേന നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത- നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, തുടങ്ങിയവ സജ്ജീകരിക്കുന്നുണ്ട്. നൃത്ത- സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, പ്രാദേശിക കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ, ഗാനമേള, മിമിക്രി ഉൾപ്പെടെയുള്ള കലാവതരണങ്ങൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. സാംസ്കാരിക സമുച്ചയങ്ങൾ പ്രവർത്തനക്ഷമമാകുമ്പോൾ വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെ അടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ കേരളത്തിന്റെ സാംസ്കാരിക തനിമ വിളിച്ചോതുന്ന കലാരൂപങ്ങൾക്കും അതത് ജില്ലകളുടെ സവിശേഷതകളായ കലാരൂപങ്ങൾക്കും വേദിയൊരുക്കാൻ കഴിയും. |
| (സി) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ അതത് ജില്ലകളുടെ സാംസ്കാരിക സവിശേഷതകൾക്ക് അനുസൃതമായ കലാരൂപങ്ങൾക്ക് ഇത്തരം സാംസ്കാരിക നിലയങ്ങളിൽ സ്ഥിരം വേദി ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, തുടങ്ങിയവ സജ്ജീകരിക്കുന്നുണ്ട്. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, പ്രാദേശിക കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ, ഗാനമേള, മിമിക്രി ഉൾപ്പെടെയുള്ള കലാവതരണങ്ങൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. സാംസ്കാരിക സമുച്ചയങ്ങൾ പ്രവർത്തനക്ഷമമാകുമ്പോൾ വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെ അടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ കേരളത്തിന്റെ സാംസ്കാരിക തനിമ വിളിച്ചോതുന്ന കലാരൂപങ്ങൾക്കും അതത് ജില്ലകളുടെ സവിശേഷതകളായ കലാരൂപങ്ങൾക്കും വേദിയൊരുക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## സാംസ്കാരിക സമുച്ചയങ്ങളുടെ നിർമാണപുരോഗതി സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട്

| ജില്ല | നിലവിലെ സ്ഥിതി |
|---|---|
| തിരുവനന്തപുരം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| കൊല്ലം | ഉദ്ഘാടനത്തിന് തയ്യാറാകുന്നു. |
| പത്തനംതിട്ട | അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ആലപ്പുഴ | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാനഘട്ടത്തിലാണ്. |
| കോട്ടയം | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ അവസാനഘട്ടത്തിലാണ്. |
| ഇടുക്കി | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| എറണാകുളം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| തൃശ്ശൂർ | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാനഘട്ടത്തിലാണ്. |
| പാലക്കാട് | എൻട്രൻസ് ബ്ലോക്ക് ഒഴികെയുള്ള ഭാഗങ്ങളുടെ നിർമാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| മലപ്പുറം | ഡി പി ആർ, കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| കോഴിക്കോട് | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. |
| കണ്ണൂർ | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പൂർത്തിയായി വരുന്നു. |
| വയനാട് | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| കാസർഗോഡ് | നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |